# GOHSS PATTAMBI .

**perumudiyoor**

## ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട് 2025-26

ആമുഖം

വിവരസാങ്കേതിക വിദ്യയിൽ കുട്ടികളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വളർത്തുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) വിഭാവനം ചെയ്ത പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. 2025-26 അധ്യയന വർഷത്തിൽ ആധുനിക സാങ്കേതിക വിദ്യകളായ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് (AI), റോബോട്ടിക്സ്, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ ഊന്നൽ നൽകിക്കൊണ്ടുള്ള വിപുലമായ പ്രവർത്തനങ്ങളാണ് ഞങ്ങളുടെ സ്കൂൾ യൂണിറ്റ് സംഘടിപ്പിച്ചത്.

### <u>പ്രധാന പ്രവർത്തനങ്ങൾ</u>

**<u>മെയ് 2025:</u>**

#<u>സ്കൂൾ തല ക്യാമ്പ് Phase 1:</u> 2024-27 ബാച്ചിനുള്ള മീഡിയ ട്രെയിനിങ് & വീഡിയോ എഡിറ്റിങ് മെയ് 27 ന് സംഘടിപ്പിച്ചു. GHSS കൊടുമുണ്ടയിലെ LK mentor സിദ്ദിഖുൾ അക്ബർ സർ ക്യാമ്പിന് നേതൃത്വം നൽകി .സ്കൂളിലെ LK മെന്റർ രമ്യ ടീച്ചർ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.




**<u>ജൂൺ 2025 :</u>**

#സ്കൂൾ പ്രവേശനോത്സവവുമായി ബന്ധപ്പെട്ട് പ്രൊമോ വീഡിയോകൾ നിർമ്മിച്ചു.

#ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഡിജിറ്റൽ പോസ്റ്റർ നിർമ്മാണ മത്സരം സംഘടിപ്പിച്ചു .

#LK aptitude test ന് മുന്നോടിയായി എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി.

#ജൂൺ 25 ന് പുതിയ ബാച്ചിലേക്കുള്ള അഭിരുചി പരീക്ഷ നടത്തി .നല്ല പങ്കാളിത്തം ഉണ്ടായി.



**ജൂലൈ 2025 :**

#പരീക്ഷയുടെ അടിസ്ഥാനത്തിൽ പുതിയ യൂണിറ്റ് രൂപീകരിക്കുകയും രക്ഷിതാക്കളുടെ യോഗം വിളിച്ച് പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.



<u>**ആഗസ്റ്റ് 2025 :**</u>

#സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി ഡിജിറ്റൽ ആൽബം നിർമ്മിച്ചു .

<u>**സെപ്റ്റംബർ 2025 :**</u>

#LK പ്രിലിമിനറി ക്യാമ്പ് 15/9/25 ന് രാവിലെ 9.30 മുതൽ നടന്നു . KITE MT ആയ നിഖിൽ സർ ക്യാമ്പിന് നേതൃത്വം നൽകി .








L K 2 0 0 1 0

#ഫ്രീ സോഫ്റ്റ് വെയർ വാരാചരണത്തിന്റെ ഭാഗമായി ഫ്രീ സോഫ്റ്റ്‌വെയറുകളെ LK കുട്ടികൾ മറ്റുള്ളവർക്ക് വിശദമായി പരിചയപ്പെടുത്തി.




#Ubuntu 22.04 സോഫ്റ്റ് വെയർ ഇൻസ്റ്റലേഷൻ ഫെസ്റ്റ് LK കുട്ടികളുടെ നേതൃത്വത്തിൽ നടത്തി .

<u>ഒക്ടോബർ **2025 :**</u>

#2024-27 LK ബാച്ചിന്റെ ഏകദിന സ്കൂൾ ക്യാമ്പ് 25/10/25 ന് നടന്നു . GHSS പട്ടാമ്പിയിലെ LK മെന്റർ അനീഷ് സർ ക്യാമ്പിന് നേതൃത്വം നൽകി .ഈ ക്യാമ്പിൽ നിന്നും 8 കുട്ടികൾ സബ്ജില്ല ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു .



**നവംബർ 2025:**

#സബ് ജില്ല IT മേളയിൽ LK അംഗങ്ങൾ സജീവമായി പങ്കെടുത്തു .

#ശിശുദിനത്തോടനുബന്ധിച്ച് ഡിജിറ്റൽ ആൽബം നിർമ്മിച്ചു.

**ഡിസംബർ 2025 :**

#ലോക ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് CWSN കുട്ടികൾക്ക് പ്രത്യേക കമ്പ്യൂട്ടർ പരിശീലനം LK 9 ലെ കുട്ടികളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

#LK ജില്ലാ ക്യാമ്പിലേക്ക് 2024-27 ബാച്ചിലെ ശിവ  പ്രോഗ്രാമിങ്ങിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു .


Little Kites
പാലക്കാട് ജില്ലാ ക്യാമ്പിലേക്ക്
പ്രോഗ്രാമിങ്ങിൽ തിരഞ്ഞെടുക്കപ്പെട്ട
ശിഖ . പി . വി
അഭിനന്ദനങ്ങൾ
ഗവ. ഓറിയന്റൽ ഹയർ സെക്കന്ററി
സ്കൂൾ പട്ടാമ്പി
പെരുമുടിയൂർ
GOHSS
PATTAMBI
little KITEs

<u>ജനവരി **2026 :**</u>

#പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി റോബോട്ടിക്സ് പരിശീലനം സംഘടിപ്പിച്ചു.
2024- 27 ബാച്ചിലെ കുട്ടികൾ പത്താം ക്ലാസുകാർക്ക് പരിശീലനം നൽകി .



<u>ഫെബ്രുവരി **2026:**</u>

#" സർവ്വം Ai മയം " എന്ന പേരിൽ രക്ഷകർത്താക്കൾക്കായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ട്രെയിനിംഗ് നടത്തി .രക്ഷിതാക്കളുടെ മികച്ച പങ്കാളിത്തം ഉണ്ടായി .



ഏപ്രിൽ **2026:**

#തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യേണ്ടതിന്റെ ആവശ്യകതയെ പറ്റി രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകാൻ ഗ്രൂപ്പഗംങ്ങൾ ചെറിയ വീഡിയോകൾ നല്ല രീതിയിൽ നിർമ്മിച്ചു.